പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 249

# 2025-ലെ കേരള വഴിയോര വില്പനക്കാർക്കായുള്ള ക്ഷേമനിധി ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 249

# 2025-ലെ കേരള വഴിയോര വില്പനക്കാർക്കായുള്ള ക്ഷേമനിധി ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

# 2025-ലെ കേരള വഴിയോര വില്പനക്കാർക്കായുള്ള ക്ഷേമനിധി ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ വഴിയോര വില്പനക്കാർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ വഴിയോര വില്പനക്കാർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള വഴിയോര വില്പനക്കാർക്കായുള്ള ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം;

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വഴിയോര വില്പനക്കാർ" എന്നാൽ 2014-ലെ സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്‌ലിഹുഡ് ആന്റ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡിംഗ്) ആക്റ്റിലെ (2014 -ലെ 7-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (എൽ) ഖണ്ഡത്തിൽ അതിന് നൽകിയിരിക്കുന്ന അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്;

(ബി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 15-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(സി) "ബോർഡ്" എന്നാൽ 10-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള വഴിയോര വില്പനക്കാർക്കായുള്ള ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(ഡി) "നിധി" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട 'കേരള വഴിയോര വില്പനക്കാർക്കായുള്ള ക്ഷേമനിധി' എന്നർത്ഥമാകുന്നു;

(ഇ) ''പദ്ധതി'' എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കപ്പെട്ട 'കേരള വഴിയോര വില്പനക്കാർക്കായുള്ള ക്ഷേമനിധി പദ്ധതി' എന്നർത്ഥമാകുന്നു;

(എഫ്) "അംശദായം'' എന്നാൽ 5-ാം വകുപ്പ് പ്രകാരം ഒരംഗം നിധിയിലേയ്ക്ക് നൽകേണ്ട തുക എന്നർത്ഥമാകുന്നു;

(ജി) "അംഗം" എന്നാൽ വഴിയോര വില്പനക്കാർക്കായുള്ള ക്ഷേമനിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു;

(എച്ച്) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഐ) "വർഷം" എന്നാൽ ഏപ്രിൽ മാസം ഒന്നാംതീയതി മുതൽ തുടങ്ങുന്ന ഒരു സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു;

(ജെ) "വിജ്ഞാപനം" എന്നാൽ കേരളസർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(കെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

3. <u>കേരള വഴിയോര വില്പനക്കാർക്കായുള്ള ക്ഷേമനിധി പദ്ധതി.</u>—(1) വഴിയോര വില്പനക്കാരുടെ ക്ഷേമത്തിന് ഈ ആക്റ്റിൻ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം വഴി "കേരള വഴിയോര വില്പനക്കാർക്കായുള്ള ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കേണ്ടതും കഴിയുന്നതും വേഗം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം മുഖേന സർക്കാർ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) പദ്ധതിയിൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലുമോ അല്ലെങ്കിൽ എല്ലാമോ ആയ കാര്യങ്ങൾക്ക് വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെപ്പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്:—

(i) 5-ാം വകുപ്പ് പ്രകാരം അംഗങ്ങളുടെ അംശദായം;

(ii) 8-ാം വകുപ്പ് പ്രകാരമുള്ള കുടിശ്ശികയും പലിശയും;

(iii) 24-ാം വകുപ്പ് പ്രകാരമുള്ള സർക്കാർ വിഹിതം;

(iv) കേന്ദ്ര/സംസ്ഥാന സർക്കാരുകളോ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളോ സന്നദ്ധസംഘടനകൾ മുഖേനയോ ലഭിക്കുന്ന ഗ്രാന്റ്/വായ്പ/മുൻകൂറുകൾ തുടങ്ങിയവയോ 2013-ലെ കമ്പനി നിയമപ്രകാരമുള്ള (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടോ;

(v) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും ഫീസ്;

(vi) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ടതായ മറ്റേതെങ്കിലും തുക.

(4) നിധി ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും ഈ ആക്റ്റിലും പദ്ധതിയിലും വ്യവസ്ഥ ചെയ്യുന്ന പ്രകാരം അത് ബോർഡ് കൈകാര്യം ചെയ്യേണ്ടതുമാണ്.

4. <u>നിധി ഏതെല്ലാം ആവശ്യങ്ങൾക്കുപയോഗിക്കാമെന്ന്.</u>—(1) ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്ക് വിധേയമായി നിധി താഴെപറയുന്ന ഏതെങ്കിലുമോ, അല്ലെങ്കിൽ എല്ലാമോ ആയ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായി തുടരുന്നതും അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്ത ഒരംഗത്തിന് അയാൾ ഒടുക്കിയ അംശദായത്തിന്റെയും അതിന്റെ കാലാവധിയുടെയും അടിസ്ഥാനത്തിൽ പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ നൽകുന്നതിന്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയായ ഏതൊരു അംഗവും അയാൾ ഈ ആക്റ്റിലെ 6-ാം വകുപ്പ് പ്രകാരം പദ്ധതി അംഗമാകുകയും അംശദായം മുടങ്ങാതെ അടയ്ക്കുകയും ചെയ്യുന്ന സംഗതിയിൽ അയാൾക്ക് അറുപത് വയസ്സ് പൂർത്തിയായശേഷം പദ്ധതി പ്രകാരം അർഹമായ നിരക്കിൽ പെൻഷൻ നൽകാവുന്നതാണ്;

(ബി) അംഗമെന്ന നിലയിൽ പ്രവൃത്തികൾ അവസാനിപ്പിച്ചതോ അഥവാ അനാരോഗ്യം കാരണം ജോലി ചെയ്യുവാൻ സാധിക്കാത്തതോ ആയതും അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ ഒരാൾക്ക് അയാൾ ഒടുക്കിയ അംശദായത്തിന്റെയും കാലയളവിന്റെയും അടിസ്ഥാനത്തിൽ നിശ്ചിത തുകയും പെൻഷനും പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്കുകളിൽ നൽകുന്നതിന്;

(സി) കുടുംബ പെൻഷൻ നൽകുന്നതിന്;

(ഡി) സ്ഥായിയായ ശാരീരിക/മാനസിക അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്;

(ഇ) മരണാനന്തര ആനുകൂല്യങ്ങൾ നൽകുന്നതിന്;

(എഫ്) അംഗങ്ങളുടെ ചികിത്സാ സഹായം നൽകുന്നതിന്, വനിതാ അംഗങ്ങളുടെ പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ നൽകുന്നതിന്;

(ജി) വനിതാ അംഗങ്ങളുടെയോ, അംഗങ്ങളുടെ പെൺമക്കളുടെയോ വിവാഹ ധനസഹായം നൽകുന്നതിന്;

(എച്ച്) അംഗങ്ങളുടെയോ അംഗങ്ങളുടെ മക്കളുടെയോ വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന്;

(ഐ) ഇരുപത്തിയഞ്ച് വർഷം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് പദ്ധതിയിൽ നിർദ്ദേശിക്കപ്പെടുന്ന നിരക്കിൽ നിശ്ചിത തുക ഒറ്റത്തവണയായി നൽകുന്നതിന്;

(ജെ) അംഗങ്ങൾക്ക് നേരിടുന്ന അപകടമോ മരണമോ ആയി ബന്ധപ്പെട്ട് സഹായം നൽകുന്നതിന്;

(കെ) പ്രകൃതിക്ഷോഭത്താലോ വന്യജീവി ആക്രമണത്താലോ മറ്റ് ശാരീരിക അവശതകൾ മൂലമോ നേരിടുന്ന അപകടമോ മരണമോ സംഭവിക്കുന്നതിൽ നഷ്ട പരിഹാരം നൽകുന്നതിന്;

(എൽ) നിധിയിൽ അംശദായം അടയ്ക്കുകയും എന്നാൽ അഞ്ചുവർഷം പൂർത്തിയാകാത്ത കാരണത്താൽ തുക തിരികെ നൽകേണ്ടി വരുന്നതിന്;

(എം) അംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ നടപ്പാക്കുന്നതിന്;

(എൻ) ബോർഡിന്റെ ദൈനംദിന ഭരണചെലവുകൾക്ക്.

(2) ബോർഡിന്, സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി, നിധി ആദായകരമായ രീതിയിൽ നിക്ഷേപം നടത്താവുന്നതും പ്രത്യേകം പരിഗണന ആവശ്യമെന്ന് കണ്ടെത്തുന്ന മേഖലകളിൽ നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതുമാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കുന്ന പദ്ധതിയിൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരവും പട്ടിക പ്രകാരവുമുള്ള കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(4) സർക്കാരിന്, വിജ്ഞാപനം മുഖേന, ഈ വകുപ്പിൻ കീഴിൽ ആവിഷ്കരിക്കുന്ന പദ്ധതി, മുൻകാല പ്രാബല്യത്തോടുകൂടിയോ, പിൽക്കാല പ്രാബല്യത്തോടുകൂടിയോ എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ, ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(5) ഈ വകുപ്പ് പ്രകാരം ആവിഷ്കരിച്ച പദ്ധതി, അത് ആവിഷ്കരിച്ചതിന് ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ, അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ പദ്ധതി ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ പദ്ധതിയ്ക്ക് അതിന് ശേഷം അതതു സംഗതിപോലെ അപ്രകാരം ഭേദഗതി ചെയ്ത

പ്രകാരം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ പദ്ധതി പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

5. നിധിയിലേയ്ക്കുള്ള അംശദായം.—(1) അംഗമാകുന്നതിന് അർഹതയുള്ള ഓരോ അംഗവും പ്രതിമാസം നൂറ് രൂപ നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്.

(2) സർക്കാരിന്, വിജ്ഞാപനം വഴി, (1)-ാം ഉപവകുപ്പിൽ പരാമർശിച്ച അംശദായ നിരക്ക് പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക കണക്കിലെടുത്ത് അതത് സമയം പരമാവധി മുന്നൂറ് രൂപ വരെ എന്ന പരിധിയിന്മേൽ പരിഷ്കരിക്കാവുന്നതാണ്.

(3) അംശദായം ബോർഡ് സെക്രട്ടറിയുടെ പേർക്ക് അല്ലെങ്കിൽ ഈ ആവശ്യത്തിലേയ്ക്കായി അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേർക്ക് പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന രീതിയിൽ ഒടുക്കേണ്ടതാണ്.

6. നിധിയിലെ അംഗത്വം .—(1) വഴിയോര വില്പനയിൽ ഏർപ്പെട്ടിട്ടുള്ളതും പതിനെട്ട് വയസ്സ് പൂർത്തിയായതുമായ ഏതൊരാൾക്കും ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരം നിധിയിലെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയായ ഏതൊരു അംഗത്തിനും അറുപത്തിയഞ്ച് വയസ്സുവരെ നിധിയിൽ അംഗമാകുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(3) അപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഈ ആവശ്യത്തിലേയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ളതും അപേക്ഷകന്റെ താമസസ്ഥലത്ത് അധികാരിതയുള്ളതുമായ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന് നിർദ്ദിഷ്ട മാതൃകയിലുള്ള ഫാറത്തിൽ നൽകേണ്ടതാണ്.

(4) ഒരു അപേക്ഷയോടൊപ്പം പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള എല്ലാ രേഖകളും സമർപ്പിക്കേണ്ടതും നിർണ്ണയിക്കാവുന്ന രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതുമാണ്.

(5) ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ അപേക്ഷകൻ പാലിച്ചിട്ടുണ്ടെന്ന് (3)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ബോധ്യമാകുന്നപക്ഷം അയാളെ അംഗമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

(6) അപേക്ഷ പരിശോധിച്ചശേഷം ഏതെങ്കിലും കാരണത്താൽ അപേക്ഷ നിരസിക്കുന്നതായാൽ പ്രസ്തുത വിവരം അപേക്ഷ കൈപ്പറ്റി മുപ്പത് ദിവസത്തിനകം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(7) അപേക്ഷ നിരസിക്കുന്ന സംഗതിയിൽ അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.

(8) (6)-ാം ഉപവകുപ്പ് പ്രകാരം അപേക്ഷ നിരസിച്ച സംഗതിയിൽ പരാതിയുള്ള പക്ഷം അപ്രകാരമുള്ള അപേക്ഷകന് പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ അല്ലെങ്കിൽ ഇതിലേയ്ക്കായി സർക്കാർ ചുമതലപ്പെടുത്തിയ അധികാരസ്ഥനോ അപ്പീൽ നൽകാവുന്നതും അപ്പീൽ അപേക്ഷയിന്മേൽ മതിയായ അന്വേഷണം നടത്തിയതിനും അപ്പീൽ അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുംശേഷം അങ്ങനെയുള്ള അപ്പീലിന്മേൽ അത് കൈപ്പറ്റി മുപ്പത് ദിവസത്തിനകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ, അപ്രകാരമുള്ള അധികാരസ്ഥനോ അപ്പീലിന്മേൽ തീരുമാനമെടുക്കേണ്ടതും അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(9) ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിശദാംശങ്ങൾ അടങ്ങിയ പാസ് ബുക്കും നിർണ്ണയിക്കാവുന്ന മാതൃകയിലും അങ്ങനെയുള്ള രീതിയിലും നൽകേണ്ടതും ഇത് സംബന്ധമായ ഒരു രജിസ്റ്റർ ബന്ധപ്പെട്ട ഓഫീസിൽ സൂക്ഷിച്ച് പോരേണ്ടതുമാണ്.

(10) ഈ ആവശ്യത്തിലേയ്ക്ക് നിർണ്ണയിക്കപ്പെട്ട രജിസ്റ്ററുകൾ, മറ്റ് രേഖകൾ എന്നിവ സൂക്ഷിക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

7. നിധിയിലെ അംഗത്വം റദ്ദാക്കൽ.—(1) ഏതെങ്കിലും അംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ അവാസ്തവമായ വിവരം ഏതെങ്കിലും രേഖകളിൽ നൽകിയതായോ ബോധ്യപ്പെടുന്ന സംഗതിയിൽ അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കപ്പെടുന്നതാണ്:

എന്നാൽ, അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള തീരുമാനം കൈക്കൊള്ളുന്നതിന് മുൻപ് അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) അംഗത്വം റദ്ദായ കാരണത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരു അംഗത്തിനും പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള കാലയളവിൽ അപ്പീൽ അപേക്ഷ സർക്കാരിന് നൽകാവുന്നതാണ്.

(3) അംശദായം ഒരു വർഷക്കാലം അടയ്ക്കാതെ വീഴ്ച വരുത്തുന്ന സംഗതിയിൽ നിധിയിലെ അയാളുടെ അംഗത്വം റദ്ദ് ചെയ്യാവുന്നതാണ്.

8. അംഗത്വം പുനരുജ്ജീവിപ്പിക്കൽ.—7-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതി മുതൽ ആറുമാസത്തിനകം കുടിശ്ശികയായ കാലയളവിലെ അംശദായത്തിന്റെ പത്തുശതമാനം വാർഷിക പലിശകൂടി നൽകി അംഗത്വം പുനരുജ്ജീവിപ്പിക്കാവുന്നതാണ്.

9. പദ്ധതി ഭേദഗതി ചെയ്യുന്നതിന്.—(1) സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടെയോ ഭേദഗതി ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ച ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ, അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം വിജ്ഞാപനത്തിന് അതിനുശേഷം അതതു സംഗതിപോലെ അപ്രകാരം രൂപഭേദപ്പെടുത്തലുകൾ വരുത്തിയ പ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ വിജ്ഞാപന പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

10. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടു കൂടി, നിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി ''കേരള വഴിയോര വില്പനക്കാർക്കായുള്ള ക്ഷേമനിധി ബോർഡ്'' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വതമായ പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടി മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ താഴെപറയും പ്രകാരമുള്ള അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്; അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് - (എക്സ്-ഒഫീഷ്യോ);

(ബി) ലേബർ കമ്മീഷണർ; അദ്ദേഹം ബോർഡിന്റെ വൈസ്ചെയർമാനായിരിക്കുന്നതാണ്-(എക്സ്-ഒഫീഷ്യോ);

(സി) ഡയറക്ടർ, തദ്ദേശ സ്വയംഭരണം (റൂറൽ); അംഗം-(എക്സ്-ഒഫീഷ്യോ);

(ഡി) ഡയറക്ടർ, തദ്ദേശ സ്വയംഭരണം (അർബൻ); അംഗം-(എക്സ്-ഒഫീഷ്യോ);

(ഇ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ; അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായിരിക്കുന്നതാണ്-(എക്സ്-ഒഫീഷ്യോ);

(എഫ്) ധനകാര്യവകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ; അംഗം - (എക്സ്-ഒഫീഷ്യോ);

(ജി) നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ; അംഗം-(എക്സ്-ഒഫിഷ്യോ);

(എച്ച്) വഴിയോര വില്പനക്കാരിൽ നിന്നും ഉത്തര, മധ്യ, ദക്ഷിണ മേഖലകളെ പ്രതിനിധാനം ചെയ്യുന്നതിന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പ്രതിനിധികൾ വീതം-അംഗം;

(4) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണ നിർവ്വഹണം നടത്തേണ്ടതാണ്.

(5) ബോർഡിന്, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ, അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഈ ആക്റ്റോ അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള പദ്ധതിയോ അടിസ്ഥാനമാക്കി അതിന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർ പേഴ്സണോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ അല്ലെങ്കിൽ ചുമതലപ്പെടുത്തിയ ഏതെങ്കിലും ഓഫീസർക്കോ ജീവനക്കാർക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

(6) ബോർഡിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ബോർഡിന്റെ സെക്രട്ടറി ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

11. ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—(1) 10-ാംവകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ച് കൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(2) ഏതൊരു അനൗദ്യോഗികാംഗത്തിനും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകി തന്റെ അംഗത്വം രാജിയാക്കാവുന്നതും എന്നാൽ സർക്കാർ രാജി സ്വീകരിക്കുന്നതുവരെ ഔദ്യോഗിക സ്ഥാനത്ത് തുടരാവുന്നതുമാണ്.

(3) ഏതെങ്കിലും ഔദ്യോഗിക അംഗം തൽസ്ഥാനത്ത് തുടരുന്നത് പൊതുതാല്പര്യാർത്ഥം അനുചിതമാണെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് സർക്കാരിന് അങ്ങനെയുള്ള അംഗത്തെ ഏതുസമയത്തും അങ്ങനെയുള്ള സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.

12. ബോർഡിന്റെ അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കം ചെയ്യലും.—(1) സർക്കാരിന്, ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും,—

(i) അദ്ദേഹത്തിന് ബുദ്ധി സ്ഥിരതയില്ലെങ്കിൽ;

(ii) അദ്ദേഹം അവിമുക്ത നിർദ്ധനനായി വിധിക്കപ്പെട്ടാൽ;

(iii) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതെയിരുന്നാൽ;

(iv) അയാൾ സദാചാരദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലോ;

(v) അദ്ദേഹം ബോർഡിലെ അംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തയാളായിത്തീർന്നുവെന്നോ അയാൾ ബോർഡംഗമായി തുടരുന്നത് പൊതുതാൽപ്പര്യത്തിന് ഹാനികരമായി തീർന്നവിധം പദവി ദുരുപയോഗം ചെയ്തതായി സർക്കാരിന് ബോധ്യമായി എങ്കിൽ;

ഔദ്യോഗിക സ്ഥാനത്ത് നിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ ഇപ്രകാരം ഒരംഗത്തെ നീക്കംചെയ്യുന്നതിന് മുൻപ് അയാളെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (iv)-ാം ഖണ്ഡം പ്രകാരം നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റ് വിധത്തിൽ ഉത്തരവാകാത്ത പക്ഷം ബോർഡിലെ അംഗമായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (v)-ാം ഖണ്ഡം പ്രകാരം നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യേഗികാംഗം അയാൾ അയോഗ്യനല്ലെന്ന് സർക്കാർ ഉത്തരവ് മുഖേന പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

13. <u>ബോർഡ് യോഗം.</u>—(1)ബോർഡ്, അതിന്റെ കാര്യനടത്തിപ്പിനായി കുറഞ്ഞത് തൊണ്ണൂറ് ദിവസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിനുള്ള ക്വാറം കുറഞ്ഞത് മൂന്ന് ഔദ്യോഗിക അംഗങ്ങളും രണ്ട് അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടെ ബോർഡിലെ അഞ്ച് അംഗങ്ങളായിരിക്കേണ്ടതാണ്.

(3) ചെയർമാന്റെ അഭാവത്തിൽ വൈസ് ചെയർമാനോ ഇരുവരുടെയും അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗമോ ബോർഡ് യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(4)ബോർഡ് യോഗത്തിൻ മുമ്പാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യവോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന ചെയർമാനോ, വൈസ് ചെയർമാനോ അല്ലെങ്കിൽ ബോർഡംഗത്തിനോ ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്.

14. <u>അനൗദ്യോഗിക ബോർഡംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ.</u>—അനൗദ്യോഗിക ബോർഡംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ആയിരിക്കേണ്ടതാണ്.

15. <u>ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.</u>—സർക്കാരിന്, ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ അഡീഷണൽ ഡയറക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും ആവശ്യമാണെന്ന് കരുതുന്നത്ര ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്.

16. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെയും സർക്കാർ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും നിധിയുടെ ആവശ്യത്തിലേക്കായി, അതത് സമയം, പണം കടം വാങ്ങാവുന്നതാണ്.

17. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണമെന്ന്.—സർക്കാരിന്, കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതും ബോർഡ് ആയത് നടപ്പാക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

18. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.— ഈ ആക്റ്റ് പ്രകാരമോ പദ്ധതി പ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

19. ബോർഡിലെ അനൗദ്യോഗികാംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—ഓരോ അനൗദ്യോഗിക ബോർഡംഗവും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21 -ാം വകുപ്പിന്റെയോ 2023-ലെ ഭാരതീയ ന്യായസംഹിതയിലെ (2023-ലെ 45-ാം കേന്ദ്ര ആക്റ്റ്) 2 -ാം വകുപ്പിന്റെ (28)-ാം ഉപവകുപ്പിന്റെയോ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

20. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം.—(1) ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് അന്വേഷിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി സർക്കാരിന് ഒരു വകുപ്പ് തലവന്റെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം സർക്കാർ നിയോഗിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥന്, അന്വേഷണം നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന എല്ലാ രേഖകളും കണക്കുകളും വിവരങ്ങളും നൽകേണ്ടതുമാണ്.

21. നിധിയുടെ ഓഡിറ്റ്.—(1) നിധിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി ബോർഡ് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അങ്ങനെയുള്ള ഓഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ഓഡിറ്റർമാർ നിധിയുടെ കണക്കുകളിന്മേൽ വാർഷിക ഓഡിറ്റ് ചെയ്യേണ്ടതാണ്.

22. ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റും.—(1) നിധിയുടെ കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും അപ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ട് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

(2) ബോർഡ് അംഗീകരിച്ച റിപ്പോർട്ടും ബന്ധപ്പെട്ട കണക്കുകളുടെ ഓഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റും ഓരോ വർഷവും ജൂലൈ 31 -ന് മുൻപായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(3) സർക്കാർ, അപ്രകാരമുള്ള റിപ്പോർട്ടും കണക്കുകളുടെ ഓഡിറ്റ് സംബന്ധിച്ച സ്റ്റേറ്റുമെന്റും നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

23. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ പദ്ധതിയോ പ്രകാരമോ അവയ്ക്ക് കീഴിലോ സർക്കാരോ, ബോർഡോ അല്ലെങ്കിൽ അധികാരിതയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

24. സർക്കാരിന്റെ അംശദായം.—ഒരു സാമ്പത്തിക വർഷം അംഗങ്ങൾ നൽകിയ ആകെ അംശദായത്തുകയുടെ പത്ത് ശതമാനം സർക്കാർ അംശദായമായി നൽകേണ്ടതാണ്.

25. അംശദായം നൽകൽ.—(1) നിധിയിലെ ഒരംഗത്തിന്റെ വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനിക്കുന്ന സംഗതിയിൽ അംഗത്തിനോ അയാളുടെ നോമിനിക്കോ പദ്ധതിയിൽ പറഞ്ഞ പ്രകാരമുള്ള ഒടുക്കിയ അംശദായ തുകയ്ക്കായി അപേക്ഷിക്കാവുന്നതാണ്.

(2) അംഗത്വം അവസാനിപ്പിച്ച തീയതിക്ക് ശേഷം അംശദായം എന്തെങ്കിലും ഒടുക്കിയിട്ടുള്ള പക്ഷം അപ്രകാരമുള്ള തുക പലിശ കൂടാതെ എത്രയും വേഗം തിരികെ നൽകേണ്ടതാണ്.

(3) ഒരു അംഗമോ അയാൾ നാമനിർദ്ദേശം ചെയ്തയാളോ ഏതെങ്കിലും തുക തെറ്റായി കൈപ്പറ്റിയിട്ടുള്ള പക്ഷം ഉചിതമായ നിയമനടപടികളിലൂടെ അങ്ങനെയുള്ള ആളിൽനിന്നും അങ്ങനെയുള്ള തുക വസൂലാക്കേണ്ടതാണ്.

26. അംഗമല്ലാതായവർ ആനുകൂല്യങ്ങൾക്ക് അർഹരല്ലെന്ന്.—അംഗത്വം അവസാനിപ്പിച്ച ഏതെങ്കിലും അംഗത്തിനോ അയാളുടെ നോമിനിക്കോ പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

27. സാക്ഷികളെ വിളിച്ചു വരുത്തുന്നതിനും തെളിവെടുക്കുന്നതിനുമുള്ള അധികാരം.—1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ബോർഡിന് ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും അന്വേഷണം നടത്തുന്നതിന്റെ ആവശ്യത്തിലേയ്ക്കായി ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഇനിപ്പറയുന്ന സംഗതികളിന്മേൽ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ഏതൊരാളും ഹാജരാകുന്നതിന് അനുശാസിക്കുന്നതിനും സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും;

(ii) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും;

(iii) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്; കൂടാതെ

(iv) സാക്ഷികളെ വിസ്തരിക്കുന്നതിന് ആവശ്യമായ ക്രമീകരണം ചെയ്യുന്നതിന്.

28. ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്നതിനുള്ള അധികാരങ്ങൾ.—(1) ഈ ആക്റ്റിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരമോ അവയുടെ കീഴിലോ ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ ബോർഡ് തുടർച്ച യായി വിഴ്ച വരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിലംഘി ക്കുകയോ, ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ സർക്കാരിന് ബോദ്ധ്യ പ്പെടുന്ന പക്ഷം, സർക്കാരിന്, ഗസറ്റ് വിജ്ഞാപന പ്രകാരം, വിജ്ഞാപനത്തിൽ വിനിർദ്ദേശി ക്കാവുന്ന ആറുമാസത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്ന സംഗതിയിൽ സർക്കാരിന് ബോർഡിന്റെ ഭരണനിർവ്വഹണത്തിനായി അഡ്മിനിസ്ട്രേറ്ററെ നിയമിക്കാവുന്നതാണ്.

29. നിലവിലുള്ള ക്ഷേമനിധികളിൽ നിന്നുള്ള സഞ്ചിത തുക കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.—ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിലവിലുള്ള ഏതെങ്കിലും ക്ഷേമനിധിയിൽ ഒരംഗത്തിന്റെ കണക്കിലുള്ള തുക, ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ നിധിയിലേയ്ക്ക് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെട്ട രീതിയിൽ കൈമാറ്റം ചെയ്യപ്പെടുന്നതും കണക്കിൽ വരവ് വയ്ക്കപ്പെടുന്നതും അപ്രകാരമുള്ള ക്ഷേമനിധിയിലേയ്ക്ക് അംശദായം നൽകാനുള്ള ആ അംഗത്തിന്റെ ബാദ്ധ്യത, അങ്ങനെയുള്ള തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

30. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും പദ്ധതിയുടെ മറ്റെല്ലാ ആവശ്യങ്ങൾക്കുമായി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടു കൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനി ക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദ പ്പെടുത്തലുകൾ വരുത്തുകയോ, അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം വിജ്ഞാപനത്തിന് ശേഷം അതതു സംഗതി പോലെ അപ്രകാരം രൂപഭേദപ്പെടുത്തലുകൾ വരുത്തിയ പ്രകാരം പ്രാബല്യം ഉണ്ടായിരി ക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ വിജ്ഞാപന പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതുമാണ്.

31. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേയ്ക്കായി ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്

വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

<u>പട്ടിക</u>

[3(2) വകുപ്പ് കാണുക]

പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ.—

1. ബോർഡ്, നിധിയുടെ ഭരണം നടത്തേണ്ട രീതി.

2. അംഗങ്ങളുടെ രജിസ്ട്രേഷൻ.

3. നിധിയിലേക്കുള്ള അംശദായം നൽകുന്ന രീതി.

4. സെക്രട്ടറിയുടെ ചുമതലകൾ.

5. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിനുള്ള വ്യവസ്ഥകൾ.

6. ബോർഡ് വച്ചു പോരേണ്ട രജിസ്റ്ററുകളും രേഖകളും.

7. തിരിച്ചറിയൽ കാർഡ്, പാസ്സ്ബുക്ക്, സർട്ടിഫിക്കറ്റുകൾ എന്നിങ്ങനെയുള്ള ഫോറങ്ങളുടെ മാതൃക.

8. ബോർഡിൽ നിന്നും നൽകേണ്ട രേഖകൾ നൽകുന്നതിനുള്ള നടപടിക്രമം.

9. പദ്ധതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ആവശ്യങ്ങൾക്ക് ചുമത്തേണ്ട ഫീസ്.

10. നിധിയിലേയ്ക്ക് കൈമാറ്റം ചെയ്യുന്ന തുകകൾ കൈമാറ്റം ചെയ്യേണ്ടതിന്റെയും വരവ് വയ്ക്കേണ്ടതിന്റെയും രീതി.

11. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപവത്കരണം.

12. നിധിയുടെ കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ അഥവാ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും ബജറ്റ് തയ്യാറാക്കലും കണക്കുകളുടെ ഓഡിറ്റ് ചെയ്യലും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കലും.

13. ഒരംഗത്തിന്റെയും കുടുംബത്തിന്റെയും വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ട ഫോറം.

14. ഒരംഗം മരണപ്പെടുന്ന സാഹചര്യത്തിൽ നിധിയിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ സ്വീകരിക്കേണ്ട നോമിനിയെ നാമനിർദ്ദേശം ചെയ്യുന്നതും അത്തരം നാമനിർദ്ദേശത്തിന്റെ പരിശോധനയും റദ്ദാക്കലും.

15. അംഗങ്ങളുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമം ലാക്കാക്കി ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

16. അംശദായം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയ അംഗങ്ങളുടെ സംഗതിയിൽ അംശദായം തിരികെ നൽകുന്ന രീതിയും നിരക്കും.

17. തൊഴിൽ അവസാനിപ്പിച്ചതോ അനാരോഗ്യംമൂലം ജോലി തുടരാൻ കഴിയാത്തതോ ആയ അംഗങ്ങൾക്ക് നിധിയിൽ നിന്നും നൽകാവുന്ന തുകയുടെയും പെൻഷന്റെയും നിരക്ക് ക്രമീകരണം.

18. നിധിയിൽനിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകൂറുകൾ തുടങ്ങിയവ നൽകുന്നതിനുള്ള നടപടിക്രമം.

19. 29-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ട രീതി.

20. നിധിയുടെ ഭരണ നിർവ്വഹണത്തിൽ ഉണ്ടാകുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

21. ബോർഡിന്റെ ആസ്ഥാനം, ബോർഡിലെ അനൗദ്യോഗികാംഗങ്ങളുടെ ആനുകൂല്യങ്ങൾ.

22. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമാകുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

രാജ്യത്തെ വ്യാപാര മേഖലയിൽ വഴിയോര കച്ചവടക്കാർ പ്രമുഖസ്ഥാനം വഹിക്കുന്നു. ഒരു നഗരപ്രദേശത്തെ ജനങ്ങളിൽ 2.5 % തെരുവ് കച്ചവടക്കാരാണെന്നും അനൗപചാരിക തൊഴിൽ മേഖലയിൽ 4 % ഇവരാണെന്നും വിവിധ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറി എന്നിവയുടെ വില്പന, വിവിധ ഭക്ഷ്യവസ്തുക്കളുടെ രാവും പകലുമുള്ള വിതരണം എന്നിങ്ങനെ ഇവർ ദിനംപ്രതി അവശ്യസേവനമാണ് സമൂഹത്തിന് നൽകിവരുന്നത്. നഗരപ്രദേശങ്ങളിലെ സാധാരണക്കാർക്ക് അവശ്യവസ്തുക്കൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാകുന്നു എന്നത് കൂടാതെ ചെറുകിട നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾ വിതരണം ചെയ്യുന്നത് മൂലം രാജ്യത്തെ വ്യാവസായിക-സാമ്പത്തിക മേഖലകൾ മെച്ചപ്പെടുത്തുന്നതിൽ ഇവർ നിർണ്ണായക വിഭാഗമാണ്.

എന്നാൽ, കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങളാലും കോവിഡിന് ശേഷം ഇവരുടെ എണ്ണത്തിൽ വർദ്ധനവ് വന്ന് മത്സരാധിഷ്ഠിതമായതും ഇ-കൊമേഴ്സ്/ ഓൺലൈൻ വ്യാപാരമേഖലയുടെ അതിപ്രസരം സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധിയും

ഇവരുടെ വരുമാനത്തിൽ വൻഇടിവ് സൃഷ്ടിച്ചിരിക്കുകയാണ്. ദിനംപ്രതിയുള്ള വ്യാപാരത്തിന് മൂലധനം കണ്ടെത്തേണ്ടതിനുപുറമെ ജീവിത പ്രശ്നങ്ങൾക്ക് ആവശ്യമായ പണത്തിന് അമിത പലിശ ഈടാക്കുന്നവരുടെ ചൂഷണത്തിന് ഇവർ വിധേയരാകുകയാണ്.

ഈ വസ്തുത കണക്കിലെടുത്ത് സംസ്ഥാനത്തെ തെരുവോര കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന സർക്കാർ ടൗൺ വെൻഡിംഗ് കമ്മിറ്റികൾ നിയമപ്രകാരം രൂപീകരിക്കുകയും സർട്ടിഫിക്കറ്റുകൾ നൽകുകയും നഗര പ്രദേശങ്ങളിൽ ഇവർക്കായി പ്രത്യേക മേഖലകൾ കണ്ടെത്തി വേർതിരിക്കുകയുമാണ് ചെയ്തുവരുന്നത്. എന്നിരുന്നാലും മതിയായ സാമൂഹ്യ സുരക്ഷിതത്വം ഇവർക്ക് ലഭ്യമാകേണ്ടതായുണ്ട്.

വഴിയോര കച്ചവടക്കാർക്കായുള്ള 2014-ലെ കേന്ദ്ര നിയമമായ സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് ആന്റ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡിംഗ്) ആക്റ്റിലെ (2014-ലെ 7-ാം കേന്ദ്ര ആക്റ്റ്) 31-ാം വകുപ്പിൽ "The appropriate Government may, in consultaion with the Town Vending Committee, Local Authority, Planning Authority and Street Vendors Associations or Unions, undertake promotional measures of making available credit, insurance and other welfare schemes of social security for street vendors." എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ, വഴിയോര കച്ചവടക്കാരുടെ സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും കണക്കിലെടുത്ത് ഒരു ക്ഷേമനിധി പദ്ധതി ആവിഷ്കരിക്കാവുന്നതും പ്രസ്തുത പദ്ധതി നടത്തിപ്പിലേയ്ക്കായി ക്ഷേമനിധി ബോർഡ് രൂപീകരിച്ച് അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാവുന്നതുമാണ്. അത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബില്ലിലെ ഖണ്ഡം 10 പ്രകാരം രൂപീകരിക്കുന്ന ബോർഡിന്റെ ദൈനംദിന പ്രവർത്തനച്ചെലവും ഖണ്ഡം 24 പ്രകാരമുള്ള അംശദായത്തിന്റെ സർക്കാർ വിഹിതത്തിനുള്ള തുകയും ബോർഡ് നിലവിൽ വന്നതിനുശേഷമേ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളു. എന്നിരുന്നാലും ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സഞ്ചിതനിധിയിൽ നിന്നും 25 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ആക്റ്റ് പ്രാബല്യത്തിൽ വരേണ്ട തീയതി നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(2) ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഗസറ്റ് വിജ്ഞാപനം വഴി 'കേരള വഴിയോര കച്ചവടക്കാർക്കായുള്ള ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിനും ഈ ബില്ലിലെയും പദ്ധതിയിലേയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി രൂപീകരിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, പട്ടികയിൽ പരാമർശിക്കുന്ന കാര്യങ്ങൾക്കായി പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ ഖണ്ഡം 4, ഉപഖണ്ഡം (1) (എ), പെൻഷൻ നിരക്ക് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ ഖണ്ഡം 4, ഉപഖണ്ഡം (1) (ബി) തൊഴിൽ അവസാനിപ്പിച്ചതോ അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയ അംഗങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തുന്നു.

(6) ബില്ലിലെ ഖണ്ഡം 4, ഉപഖണ്ഡം (1) (ഐ) ഇരുപത്തിയഞ്ച് വർഷം അംശദായം അടച്ചവർക്കുള്ള ഒറ്റത്തവണ തുക നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ ഖണ്ഡം 4, ഉപഖണ്ഡം (3), ഖണ്ഡം 4(1)-ലും പട്ടികയിലും പരാമർശിച്ചിരിക്കുന്നവയ്ക്കായി പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ ഖണ്ഡം 6, ഉപഖണ്ഡം (3) നിധിയിൽ അംഗമാകുന്നതിനുള്ള അപേക്ഷാ ഫോറത്തിന്റെ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ ഖണ്ഡം 6, ഉപഖണ്ഡം (4) നിധിയിൽ അംഗമാകുന്നതിനുള്ള രജിസ്ട്രേഷൻ ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ബില്ലിലെ ഖണ്ഡം 6, ഉപഖണ്ഡം (9), അംഗത്വ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, പാസ്സ്ബുക്ക് എന്നിവയുടെ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(11) ബില്ലിലെ ഖണ്ഡം 9, ഉപഖണ്ഡം (1) പദ്ധതി ഭേദഗതി ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(12) ബില്ലിലെ ഖണ്ഡം 10, ഉപഖണ്ഡം (1), ഗസറ്റ് വിജ്ഞാപനത്തിലൂടെ ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(13) ബില്ലിലെ ഖണ്ഡം 14, ബോർഡിലെ അനൗദ്യോഗികാംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(14) ബില്ലിലെ ഖണ്ഡം 15, ബോർഡിൽ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച് നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(15) ബില്ലിലെ ഖണ്ഡം 16, ബോർഡ് കടം വാങ്ങുന്നതിനുള്ള നിബന്ധനകൾ നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(16) ബില്ലിലെ ഖണ്ഡം 21, ഉപഖണ്ഡം (1) ഓഡിറ്റർമാരെ നിയമിക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(17) ബില്ലിലെ ഖണ്ഡം 28, ഉപഖണ്ഡം (2) ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്നതിന് ആവശ്യമായ കാലയളവിലേയ്ക്ക് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(18) ബില്ലിലെ ഖണ്ഡം 29, നിലവിലുള്ള ഏതെങ്കിലും ക്ഷേമനിധിയിൽ ഒരംഗത്തിന്റെ കണക്കിലുള്ള തുക നിധിയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്ന രീതി പദ്ധതിയിൽ വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(19) ബില്ലിലെ ഖണ്ഡം 30, ഉപഖണ്ഡം (1), ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(20) ബില്ലിലെ ഖണ്ഡം 31, ഉപഖണ്ഡം (1) വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(21) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയാകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

**ഡോ. എൻ. ജയരാജ്, എം.എൽ.എ.**